ആഴംകൂട്ടൽ പണികൾ നടത്തുമ്പോൾ ലഭ്യമാകുന്ന മണ്ണ്, ചെളി, മറ്റ് മാലിന്യങ്ങൾ എന്നിവ കരയിൽ നിക്ഷേപിക്കുവാൻ മതിയായ സ്ഥലങ്ങൾ ലഭ്യമാകാത്തതും ഇപ്രകാരം ലഭിക്കുന്ന മണലിനെ ചൊല്ലി നാട്ടുകാർ ഉന്നയിക്കുന്ന അവകാശവാദങ്ങൾ, ജലപാതയിൽ മാർഗ്ഗതടസ്സമായി സ്ഥാപിക്കപ്പെട്ട ചീനവലകൾ, ഊന്നിവലകൾ എന്നിവയും കൊല്ലം - ചവറ ഭാഗങ്ങളിൽ ദേശീയ ജലപാതയിൽ കാണുന്ന വളരെ കട്ടികൂടിയ പ്രതലം (Under Water Laterite Bed) മുതലായവയാണ് ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള കാലതാമസത്തിനുള്ള പ്രധാന കാരണങ്ങൾ. കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലായി ആകെ 944 ചീനവലകളിൽ (ലൈസൻസുള്ളവ-502, ലൈസൻസില്ലാത്തവ- 442) 870 എണ്ണം പാരിതോഷികം നൽകി നീക്കം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 74 വലകൾ നീക്കം ചെയ്യുന്നതിന് സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത കമ്മീഷൻ ചെയ്യുന്നത് സംബന്ധിച്ച ചർച്ചകൾ ചെയ്യുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ IWAI അധികൃതർ, ചീഫ് എഞ്ചിനീയർ (I & A), ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി 1-12-2015-ൽ യോഗം ചേരുന്നുണ്ട്. ദേശീയ ജലപാതയുടെ നിർമ്മാണ ചെലവ് പൂർണ്ണമായും കേന്ദ്രസർക്കാരാണ് വഹിക്കുന്നത്. 31-3-2015 വരെ കേന്ദ്ര സർക്കാർ ഈ പദ്ധതിക്കായി ആകെ 220 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ ഊന്നി/ ചീനവലകൾ നീക്കം ചെയ്യുന്നതിനുള്ള നഷ്ടപരിഹാരമായി ഇതുവരെ 12.475 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ഈ വകയിൽ ഇനി 5.5 കോടി രൂപ കൂടി ആവശ്യമായി വരും. കൂടാതെ 74 വലകൾ നീക്കം ചെയ്യുന്നതിനുള്ള സ്പെഷ്യൽ പാക്കേജായി 28.8 ലക്ഷം രൂപയും നീക്കി വച്ചിട്ടുണ്ട്.

കൊറ്റി - കോട്ടപ്പുറം ബോട്ട് സർവ്വീസ് പറശ്ശിനിക്കടവ് വരെ നീട്ടുന്നതിന് നടപടി

267 (956) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊറ്റി-കോട്ടപ്പുറം ബോട്ട് സർവ്വീസ് പറശ്ശിനിക്കടവ് വരെ നീട്ടുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത റൂട്ടിൽ കൂടുതൽ കാര്യക്ഷമമായ രീതിയിൽ ഗതാഗതസൗകര്യം വർദ്ധിപ്പിക്കാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കൊറ്റി - കോട്ടപ്പുറം ബോട്ട് സർവ്വീസ് പറശ്ശിനിക്കടവുവരെ നീട്ടുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നിലവിലുണ്ട്. ടി റൂട്ടിലുള്ള ആഴം കുറഞ്ഞതും മണൽ തിട്ടകൾ നിറഞ്ഞതുമായ സുൽത്താൻതോട് പോലെയുള്ള ഭാഗങ്ങളിലൂടെയുള്ള ജല ഗതാഗതം സംബന്ധിച്ച് സാദ്ധ്യതാ പഠനങ്ങളൊന്നും നിലവിൽ നടത്തിയിട്ടില്ല.

തിരുവനന്തപുരം - കാസർഗോഡ് ജലപാത

268 (957) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കാസർഗോഡ് ജലപാത ഗതാഗത യോഗ്യമാക്കുവാൻ അടിയന്തര നടപടി കൈക്കൊള്ളണമെന്ന് 2011-12-ലെ ബഡ്ജറ്റിൽ സൂചിപ്പിച്ചിട്ടുണ്ടോ;

(ബി) ഇതിനായി കഴിഞ്ഞ നാലു ബഡ്ജറ്റുകളിൽ ഓരോന്നിലും എന്ത് തുക നീക്കിവെച്ചിട്ടുണ്ടെന്നും ഇതിനായി ഖജനാവിൽനിന്നും എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(സി) പദ്ധതിയുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിനായി കഴിഞ്ഞ നാല് വർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	സാമ്പത്തിക വർഷം	ബഡ്ജറ്റ് തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
1	2012-13	9000	1943.00
2	2013-14	11717	3079.07
3	2014-15	12382	3478.75
4	2015-16	13582	932.68 (up to October)

LIBRARY ARCHIVES Kerala Legislative Assembly